ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, നീതിന്യായ കോടതികളുമായി ബന്ധപ്പെട്ട വളരെ പ്രസക്തമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം എം. ചന്ദ്രൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നിലവിലുള്ള നിയമമനുസരിച്ച് ഒരു ലക്ഷം രൂപയുടെ മൂല്യമുള്ള സിവിൽ കേസ്സുകൾ മുൻസിഫ് കോടതികളിലും ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കേസ്സുകൾ സബ് കോടതികളിലുമാണ് കൈകാര്യം ചെയ്തുവരുന്നത്. ഇതുമൂലം സബ് കോടതികളിൽ കൈകാര്യം ചെയ്യേണ്ടിവരുന്ന കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി മുൻസിഫ് കോടതികളിൽ കൈകാര്യം ചെയ്യേണ്ടുന്ന കേസ്സുകളുടെ മൂല്യപരിധി കാലാനുസൃതമായി വർദ്ധിപ്പിക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതിയുമായി കൂടിയാലോചിച്ചുകൊണ്ട് മുൻസിഫ് കോടതികളിൽ കൈകാര്യം ചെയ്യേണ്ടുന്ന കേസ്സുകളുടെ മൂല്യം പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(5) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. തോമസ് ചാഴികാടൻ : സർ, ഈ കഴിഞ്ഞ ഒക്ടോബർ, നവംബർ മാസങ്ങളിൽ കേരളത്തിലുണ്ടായ അതിവർഷത്തിലും വെള്ളപ്പൊക്കത്തിലും വിളഞ്ഞ് കൊയ്യാൻ പാകമായിരുന്ന ആയിരക്കണക്കിന് ഏക്കർ കൃഷി സ്ഥലത്തെ നെല്ല് പൂർണ്ണമായും നഷ്ടപ്പെടുകയുണ്ടായി. ഈ നഷ്ടമുണ്ടായ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന ആവശ്യം അന്നു മുതലുണ്ടായി. ഒരു ഹെക്ടറിന് 10,000 രൂപവച്ച് നഷ്ടപരിഹാരം കൊടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപനം നടത്തിയെന്നതിനപ്പുറത്തേക്ക് ഇതുവരെ നഷ്ടപരിഹാരം കൃഷിക്കാർക്ക് കിട്ടിയിട്ടില്ല. ഒരു ഹെക്ടർ നെൽക്കൃഷി നടത്തണമെങ്കിൽ ഏതാണ്ട് 40,000 രൂപയുടെ ചെലവുണ്ട്. ഓരോ ഹെക്ടറിൽനിന്നും കൃഷിക്കാർക്ക് കൊയ്തെടുക്കാൻ കഴിയുമായിരുന്ന ഏതാണ്ട് 30 ക്വിന്റൽ നെല്ല് കിട്ടുമായിരുന്നു. ഏതാണ്ട് 75 ടൺ നെല്ല് ഒരു ഹെക്ടറിൽനിന്ന് കിട്ടുമായിരുന്നു. ആ നെല്ലാണ് നഷ്ടപ്പെട്ടത്. ഒരു ഹെക്ടറിൽ 40,000 രൂപയോളം കൃഷിച്ചെലവ് വരുന്ന, ഏതാണ്ട് ഒരു ലക്ഷത്തിനടുത്ത് രൂപയുടെ നഷ്ടമുണ്ടായ കൃഷിക്കാർക്ക് 10,000 രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ട് ഇതുവരെ കിട്ടിയിട്ടില്ല. എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ഗവൺമെന്റ് പ്രഖ്യാപിച്ചതിൽതന്നെ 4,000 രൂപ മാത്രമാണ് റവന്യൂ വകുപ്പിന് നഷ്ടപരിഹാരം കൊടുക്കാനുള്ള അനുവാദമുള്ളത്. ബാക്കി 6,000 രൂപയ്ക്ക് കൃഷി വകുപ്പിൽനിന്ന് പ്രത്യേകമായ ഓർഡർ ഇറക്കണം. ആ ഓർഡർ ഇന്നലെവരെ ഇറങ്ങിയില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഓർഡർ ഇറങ്ങിയെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അത് എത്രയുംവേഗം നടപ്പാക്കാൻ പറയണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാന്യനായ കെ. എം. മാണിയും ഞാനും ശ്രീ. കെ. സി. ജോസഫും ബഹുമാനപ്പെട്ട എം. പി. ജോസ് കെ. മാണിയുമൊക്കെ ഈ പ്രദേശത്തെ കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ കാണുകയുണ്ടായി. അവരെല്ലാവരും ചൂണ്ടിക്കാണിച്ച രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, നെൽക്കൃഷി നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം വളരെ പരിമിതമാണെങ്കിലും അത് എത്രയും വേഗം ലഭ്യമാക്കണം. രണ്ട്, കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്ക് പുനർകൃഷി നടത്തുവാനാവശ്യമായ വിത്തും വളവും സൗജന്യമായി ലഭ്യമാക്കണം. മൂന്ന്, കുട്ടനാട് പാക്കേജ് അനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കിയാൽ ആണ്ടുതോറുമുണ്ടാകുന്ന കൃഷിനാശം ഒഴിവാക്കാൻ കഴിയും. അടിയന്തരമായി ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കണം. നെൽകർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ട് ആണ്ടുതോറുമുണ്ടാകുന്ന കൃഷിനാശത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. എത്രയുംവേഗം ഗവൺമെന്റ് പ്രഖ്യാപിച്ച 10,000 രൂപയുടെ നഷ്ടപരിഹാരത്തുക വിതരണം ചെയ്യണം. ഏതാണ്ട് കോട്ടയം ജില്ലയിൽമാത്രം അഞ്ചുകോടിയോളം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഏതാണ്ട് 30 കോടിയോളം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അതിന് കിട്ടുന്നത് വളരെ പരിമിതമായിട്ടുള്ള തുകയാണെങ്കിലും ആ തുകയെങ്കിലും എത്രയുംവേഗം കൊടുക്കുവാനും ശാശ്വതമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയത്തക്ക വിധത്തിൽ കുട്ടനാട് പാക്കേജിന്റെ പദ്ധതികൾ എത്രയുംവേഗം നടപ്പാക്കുവാനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, കഴിഞ്ഞ ഒക്ടോബർ, നവംബർ മാസത്തിൽ അസാധാരണമായ മഴയാണ് കേരളത്തിൽ കിട്ടിയത്. അത് മൊത്തത്തിൽ കൃഷിയേയും മറ്റ് മേഖലകളേയും പൊതുവായി ബാധിച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നാളെയോ മറ്റെന്നാളോ കേന്ദ്രസംഘം വരികയാണ്. അപ്പോൾ ഇതൊരു അസാധാരണ സാഹചര്യമായി കണക്കാക്കി അസാധാരണമായ തരത്തിൽ സഹായം നൽകണമെന്ന് കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികളും ഡിപ്പാർട്ടുമെന്റിനോട് അങ്ങനെ പറഞ്ഞിട്ടുണ്ട്. ആ സിറ്റിംഗുകളിൽ അത് ഉന്നയിക്കാൻകൂടി ശ്രദ്ധിക്കണം. കേന്ദ്രത്തിന്റെ നോംസ് അനുസരിച്ചാണ് റവന്യൂ വകുപ്പുവഴി നഷ്ടപരിഹാരം കൊടുക്കുന്നത്. ആ നോംസ് അനുസരിച്ച് ഒരു ഹെക്ടർ കൃഷി നശിക്കുമ്പോൾ മാക്സിമം കൊടുക്കാവുന്നത് 4,000 രൂപയാണ്. ആ 4,000 രൂപയോടൊപ്പമാണ് കൃഷി വകുപ്പിൽനിന്ന് പ്രത്യേകമായി 6,000 രൂപകൂടി കൊടുത്ത് 10,000 രൂപയാണ് ഒരു ഹെക്ടർ വിളനാശം സംഭവിച്ചതിന് കൊടുക്കുന്നത്. ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയിൽ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽപ്പെട്ട കുട്ടനാടൻ പ്രദേശങ്ങളിലെ 201 മടകൾ തകർന്ന് കൃഷിനാശം സംഭവിച്ചു. മേൽപ്പടി മടകൾ കേടുപാടുകൾ തീർക്കുന്നതിന് ഏകദേശം 190 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. 1,142 ഹെക്ടറിലെ രണ്ടാംവിള നെൽകൃഷിക്കും നാശം സംഭവിച്ചിട്ടുണ്ട്. കൂടാതെ 2,142 ഹെക്ടറിലെ പുഞ്ചവിളയും പൂർണ്ണമായും നശിച്ചു. മഴയിൽ കുതിർന്ന് 300 ടൺ നെല്ല് നഷ്ടപ്പെട്ടതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. കിലോഗ്രാമിന് 13 രൂപ നിരക്കിൽ നെല്ലിന് 39 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നെൽക്കൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 10,000 രൂപ നിരക്കിൽ 4,000 രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 6,000 രൂപ ക്രൈസിസ് മാനേജുമെന്റ് ഫണ്ടിൽനിന്നും നൽകുന്നതിനും പുതുതായി വിതയ്ക്കേണ്ടുന്ന കർഷകർക്ക് നിലമൊരുക്കുന്നതിന് ഹെക്ടറിന് 6,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനും 250 പാടശേഖരങ്ങളിൽ ബണ്ട് ഉറപ്പുചെയ്യുന്നതിനും വെള്ളപ്പൊക്ക സമയത്ത് കുട്ടനാട്ടിൽ അധികമായി വെള്ളം പമ്പ് ചെയ്യുന്നതിനായി പമ്പുസെറ്റ് ഉപയോഗിച്ചതിന് നൽകിയ വാടക നൽകുന്നതിനുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 18.66 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിൽ 10.58 കോടി രൂപ റവന്യൂ വകുപ്പുവഴിയും 8.08 കോടി രൂപ കൃഷി വകുപ്പു വഴിയും നൽകുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2,142 ഹെക്ടറിലെ പുഞ്ചവിത പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് വീണ്ടും വിതയ്ക്കുന്നതിന് 186.8 ടൺ നെൽവിത്ത് സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. പുനർകൃഷി ഇറക്കുന്നതിനായി ബണ്ട് റിപ്പയർ ചെയ്യുന്നതിന്റെ അടിയന്തരസ്വഭാവം പരിഗണിച്ച് പാടശേഖരങ്ങളിലെ എസ്റ്റിമേറ്റെടുത്ത് പണികളാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാക്രോ മാനേജുമെന്റ് പദ്ധതിയിലുൾപ്പെടുത്തി ഈ പണികളാരംഭിച്ചിട്ടുണ്ട്. കൃഷിനാശം തടയുന്നതിന് കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. തണ്ണീർമുക്കം ബണ്ട് നവീകരിക്കുന്നതിലൂടെ പരിസ്ഥിതിനാശം ലഘൂകരിക്കാനും ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുമുള്ള പദ്ധതി, തോട്ടപ്പിള്ളി സ്പിൽവേയുടേയും പ്രധാന ചാനലുകളുടേയും കാര്യക്ഷമത വർദ്ധിപ്പിക്കൽ, സി. ആന്റ് ഡി., റാണി, ചിത്തിര കായൽ മേഖലകളിലെ വെള്ളപ്പൊക്ക നിയന്ത്രണം, എ.സി. കനാൽ നിർമ്മാണം, കരിയാറിന് കുറുകെ കോട്ടച്ചിറയിൽ 33 സ്ഥിരം ഓരുമുട്ടുകൾ സ്ഥാപിക്കൽ, പുറംബണ്ട് നിർമ്മാണം ബലപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾ ഇതിലുൾപ്പെടുന്നു.

(6) ഗുരുവായൂർ പ്രദേശത്തെ മോഷണശ്രമങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ രണ്ട് മാസത്തിലേറെയായി നിരവധി മോഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ കവർച്ചാശ്രമങ്ങളുമുണ്ടായി. പോലീസ് നടപടികൾ സ്വീകരിക്കുന്നില്ലായെന്നല്ല, പല കേസ്സുകളിലും പ്രതികളെ കിട്ടുന്നില്ല. ഓരോ ദിവസവും ധാരാളം ആളുകൾ വന്നുപോകുന്ന ഒരു തീർത്ഥാടനകേന്ദ്രം എന്നുള്ള നിലയിൽ പോലീസിന്റെ പ്രത്യേക സംവിധാനം അവിടെ ഉണ്ടാക്കേണ്ടതുണ്ട്. പ്രത്യേക സുരക്ഷ ആവശ്യമുള്ള ഗുരുവായൂർ ക്ഷേത്രവും സ്ഥിതി ചെയ്യുന്ന സ്ഥലമാണത്. പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ഡി.ജി.പി.യുമൊക്കെ പങ്കെടുത്തുകൊണ്ട് ഒരു യോഗം ചേരുകയുണ്ടായി. നിലവിലുള്ള പോലീസ് സേനയുടെ എണ്ണംവച്ച് ഈ കാര്യങ്ങളെല്ലാം നിർവ്വഹിക്കാൻ കഴിയുകയില്ലായെന്ന് ആ യോഗത്തിൽ അഭിപ്രായം ഉയർന്നുവരികയുണ്ടായി. അതനുസരിച്ച് ഗുരുവായൂർ സ്റ്റേഷനിലെ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആ യോഗത്തിൽ ധാരണയാകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly